**"ഭരണഭാഷ-മാതൃഭാഷ"**

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. BINDU GOPINATH)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐസിഡിഎസ് - അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി - ഐ.സി.ഡി.എസ് പ്രോജക്ടുകൾ, പ്രോഗ്രാം ഓഫീസുകൾ എന്നിവിടങ്ങളിലെ 2025-26 സാമ്പത്തിക വർഷത്തെ POL ചാർജജ്, കരാർ വാഹന വാടക - മൂന്നാം ക്വാർട്ടറിൽ ആവശ്യമായ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. ഈ കാര്യാലയത്തിലെ 28.04.2025, 07.05.2025, 16.08.2025, 13.10.2025 തീയതികളിലെ മേൽ നമ്പർ ഉത്തരവുകൾ.
2. 14 ജില്ല വനിത ശിശുവികസന ഓഫീസർമാരിൽ നിന്നും ലഭ്യമായിട്ടുള്ള വിവിധ തീയതികളിലെ കത്തുകൾ

**<u>ഉത്തരവ് നം. DWCD/2396/2025-ICDSA1 തീയതി: 13-11-2025</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി PFMS മുഖേന നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസുകളിലും എല്ലാ പ്രോഗ്രാം ഓഫീസുകളിലും സബ്സിഡിയറി സീറോ ബാലൻസ് അക്കൗണ്ട് അരംഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ലഭ്യമാകുന്ന കേന്ദ്ര സംസ്ഥാന വിഹിതം തുകകൾ വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE KLGB0040341) എന്ന SNA അക്കൗണ്ടിൽ നിക്ഷേപിച്ച് വരുന്നു. നടപ്പ് സാമ്പത്തിക വർഷത്തെ അംഗീകൃത APIP പ്രകാരം POL & Hire charge കമ്പോണന്റിൽ കേന്ദ്ര വിഹിതമായി (60%) 734.4 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ സംസ്ഥാന വിഹിതം (40%) തുകയായ 489.6 ലക്ഷം രൂപയും ചേർത്ത് ആകെ 1224 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം വിനിയോഗിക്കാവുന്നതാണ്. നടപ്പ് സാമ്പത്തിക വർഷത്തെ രണ്ടാം ക്വാർട്ടർ വരെ POL & Hire charge ഇനത്തിൽ ആകെ 2,11,07,789/- രൂപ പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം പ്രോഗ്രാം ഓഫീസുകളിലേയും ഐ.സി.ഡി.എസ് പ്രോജക്ടുകളിലേയും കരാർ വാഹന വാടകയിനത്തിലും, സ്വന്തം വാഹനമുള്ള പ്രോഗ്രാം ഓഫീസുകളിലേയും ഐ.സി.ഡി.എസ് പ്രോജക്ടുകളിലേയും POL charge നായും രണ്ടാം ക്വാർട്ടർ വരെ അനുവദിച്ച തുകയുടെ ചെലവ് വിവരവും, മൂന്നാം ക്വാർട്ടറിൽ (2025 ഒക്ടോബർ മാസം മുതൽ ഡിസംബർ മാസം വരെ) ആവശ്യമായ തുകയുടെ വിവരവും 14 ജില്ല വനിത ശിശുവികസന ഓഫീസർമാർ പരാമർശം (2) പ്രകാരം സമർപ്പിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം | ജില്ല | POL charge നായി ആവശ്യമുള്ള തുക | Hire charge നായി ആവശ്യമുള്ള തുക | ആകെ ആവശ്യമുള്ള തുക |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 0 | 1446959 | 1446959 |
| 2 | കൊല്ലം | 0 | 1525677 | 1525677 |
| 3 | പത്തനംതിട്ട | 0 | 6022279 | 602279 |
| 4 | ആലപ്പുഴ | 0 | 969170 | 969170 |
| 5 | കോട്ടയം | 0 | 807211 | 807211 |
| 3 | ഇടുക്കി | 0 | 853659 | 853659 |
| 7 | എറണാകുളം | 0 | 1329297 | 1329297 |
| 8 | തൃശ്ശൂർ | 0 | 1096309 | 1096309 |
| 9 | പാലക്കാട് | 45000 | 1180574 | 1225574 |
| 10 | മലപ്പുറം | 0 | 1973668 | 1973668 |
| 11 | കോഴിക്കോട് | 0 | 1201002 | 1201002 |
| 4 | വയനാട് | 0 | 559615 | 559615 |
| 5 | കണ്ണൂർ | 0 | 1459809 | 1459809 |
| 6 | കാസർഗോഡ് | 0 | 779329 | 779329 |
| | **ആകെ** | **45000** | **15784558** | **15829558** |

ചമ്പക്കുളം ഐ.സി.ഡി.എസ് പ്രോജക്ടിലെ വാഹനം കരാറിൽ നിന്നും premature ആയി പിന്മാറിയതുമായി ബന്ധപ്പെട്ട വിഷയം നിലനിൽക്കുന്നതിനാൽ ആലപ്പുഴ ജില്ല ഓഫീസർ സമർപ്പിച്ചിട്ടുള്ള റിക്വസ്റ്റിൽ നിന്നും ടി പ്രോജക്ടിന്റെ തുക കുറവ് ചെയ്തിട്ടുണ്ട്.

ജില്ലാ വനിത ശിശുവികസന ഓഫീസർമാരുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 2025-26 സാമ്പത്തിക വർഷത്തെ മൂന്നാം ക്വാർട്ടറിൽ സ്വന്തം വാഹനമുള്ള പ്രോഗ്രാം ഓഫീസുകൾ, ഐസിഡിഎസ് പ്രോജക്ടുകൾ എന്നിവയ്ക്ക് POL ചാർജ്ജിനത്തിൽ 45,000/- രൂപയും (നാല്പത്തയ്യായിരം രൂപാ മാത്രം) കരാർ വാഹനമുള്ള പ്രോഗ്രാം ഓഫീസുകൾ, ഐസിഡിഎസ് പ്രോജക്ടുകൾ എന്നിവയ്ക്ക് കരാർ വാഹന വാടകയിനത്തിൽ 1,57,84,558/- രൂപയും (ഒരു കോടി അൻപത്തിയെഴ് ലക്ഷത്തി എൺപത്തിനാലായിരത്തി അഞ്ഞൂറ്റി അൻപത്തിയെട്ട് രൂപാ മാത്രം) ചേർത്ത് ആകെ 1,58,29,558/- രൂപ (ഒരു കോടി അൻപത്തിയെട്ട് ലക്ഷത്തി ഇരുപത്തിയോൻപതിനായിരത്തി അഞ്ഞൂറ്റി അൻപത്തിയെട്ട് രൂപാ മാത്രം) മേൽ പട്ടികയിൽ വിവരിക്കും പ്രകാരം അതത് ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

പ്രസ്തുത തുക അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതിയ്ക്കായി വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFSC: KLGB0040341) എന്ന SNA അക്കൗണ്ടിൽ നിന്നും അതത് ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത് നൽകേണ്ടതാണ്.

ഈ തുക PFMS ൽ രജിസ്റ്റർ ചെയ്തിട്ടുള്ള hiring for vehicles /petrols, oil & lubricant of

vehicles എന്ന കമ്പോണന്റിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ജില്ലാ വനിത ശിശുവികസന ഓഫീസർമാർ അവരവരുടെ കീഴിലുള്ള പ്രോഗ്രാം ഓഫീസർമാർക്കും, ശിശുവികസന പദ്ധതി ഓഫീസർമാർക്കും ആവശ്യമായ തുക PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത് നൽകേണ്ടതും, തുക PFMS മുഖേന ചെലവഴിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(BINDU GOPINATH)

**വനിത ശിശു വികസന ഡയറക്ടർ(i/c)**

Signed by
Bindu Gopinath
Date: 13-11-2025 16:38:39

എല്ലാ ജില്ല വനിത ശിശുവികസന ഓഫീസർമാർക്കും

പകർപ്പ് :

1. സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ
   (PFMS ൽ ലിമിറ്റ് സെറ്റ് ചെയ്ത് ഫണ്ട് അനുവദിക്കുന്നതിലേയ്ക്ക്)
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. സ്റ്റോക്ക് ഫയൽ / സ്പെയർ